# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1454** — **04.12.2014-** ൽ മറുപടിക്ക്

## റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് നബാർഡ് സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. കെ. രാധാകൃഷ്ണൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് നബാർഡ് ധന സഹായത്തിനു വേണ്ടി ഈ വർഷം കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | പാലങ്ങൾക്കായി 131.77 കോടി രൂപയുടെയും റോഡുകൾക്കായി 161.04 കോടി രൂപയുടെയും പ്രോജക്ടുകൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നബാർഡിന്റെ ധന സഹായത്തോടെ നിർമ്മിക്കുവാൻ മുമ്പ് ഭരണാനുമതി നൽകിയിരുന്ന ചേലക്കര മണ്ഡലത്തിലെ കൊണ്ടാഴി-കുത്താംപുള്ളി റോഡും പാലവും നിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ധനസഹായത്തിനു വേണ്ടി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; | (സി) | നബാർഡിന്റെ RIDF XVI-ൽ പെടുത്തി ഭരണാനുമതി ലഭിച്ച ഈ പദ്ധതി, നിശ്ചിത കാലാവധിക്കുള്ളിൽ പണി ആരംഭിക്കാതിരുന്നതിനാൽ റദ്ദാവുകയാണുണ്ടായത്. ഈ പദ്ധതിക്കായി പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. |
| (ഡി) | നബാർഡ് ധന സഹായത്തിനു വേണ്ടിയുള്ള പദ്ധതികളിൽ പ്രസ്തുത റോഡിന്റെയും പാലത്തിന്റെയും കൂടി നിർമ്മാണം ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | (ഡി) | പൊതുമരാമത്ത് വകുപ്പിനായി ഈ വർഷം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അനുവദിച്ച സെക്ടറൽ അലോക്കേഷൻ പ്രകാരമുള്ള മുഴുവൻ തുകയ്ക്കും ഉള്ള പ്രൊജക്ട്കൾ നബാർഡിന് സമർപ്പിച്ചു കഴിഞ്ഞു. ഈ സാമ്പത്തിക വർഷം ഇനിയും സെക്ടറൽ അലോക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ ശുപാർശ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ